# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 27

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്താനിരുന്നതും പ്രളയംമൂലം മാറ്റിവച്ചതുമായ രണ്ടാം സെമസ്റ്റർ എം.എഡ്. - അഡ്വാൻസ്ഡ് എജ്യൂക്കേഷണൽ റിസർച്ച് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്ന വിഷയത്തിന്റെ പരീക്ഷ ഓഗസ്റ്റ് 30ന് രാവിലെ 10.30 മുതൽ 12.30 വരെ പഠനവകുപ്പിൽ നടക്കും.

(പി.ആർ.ഒ./39/1588/2019)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ ആരംഭിക്കും. പിഴയില്ലാതെ സെപ്റ്റംബർ രണ്ടുവരെയും 500 രൂപ പിഴയോടെ മൂന്നുവരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1589/2019)

നാലാം വർഷ ബി.എസ്‌സി. നഴ്‌സിംഗ് (2015 അഡ്മിഷൻ റഗുലർ/2011-2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബർ 27 മുതൽ ആരംഭിക്കും. പിഴയില്ലാതെ സെപ്റ്റംബർ രണ്ടുവരെയും 500 രൂപ പിഴയോടെ മൂന്നുവരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1590/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 30 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1591/2019)

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (സി.എസ്.എസ്. റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ മൈക്രോ കൺട്രോളർ ആന്റ് സിഗ്നൽ പ്രോസസിങ് ലാബ് ഓഗസ്റ്റ് 29, 30 തീയതികളിൽ അതത് കോളേജുകളിൽ നടക്കും.

(പി.ആർ.ഒ./39/1592/2019)

നാലാം സെമസ്റ്റർ ബി.എസ്‌സി. മാത്തമാറ്റിക്സ് മോഡൽ 2 വൊക്കേഷണൽ കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്., 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. മാർച്ച് 2019, കമ്പ്യൂട്ടർ സയൻസ് സി.ബി.സി.എസ്., 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്‌മെന്റ്, റീഅപ്പിയറൻസ്) യു.ജി. മെയ് 2019 പരീക്ഷകളുടെ പ്രാക്ടിക്കൽ (സോഫ്റ്റ്‌വെയർ ലാബ് 4) ഓഗസ്റ്റ് 30 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1593/2019)

## എം.പി.ഇ.എസ്. സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്‌പോർട്‌സ് സയൻസസിൽ എം.പി.ഇ.എസ്. റഗുലർ പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. ബി.പി.ഇ.എസ്./ബി.പി.എഡ്./ബി.പി.ഇ. യോഗ്യതയുള്ളവർ അസൽ രേഖകളുമായി ഓഗസ്റ്റ് 29ന് രാവിലെ 10.30ന് ഓഫീസിൽ എത്തണം. ഫോൺ: 0481-2732368.

(പി.ആർ.ഒ./39/1594/2019)

## പരീക്ഷഫലം

2018 ഒക്‌ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. സി.ബി.സി.എസ്. മോഡൽ 1, 2, 3 (2017 അഡ്മിഷൻ റഗുലർ), സി.ബി.സി.എസ്.എസ്. മോഡൽ 3 സൈബർ ഫോറൻസിക് (2017 അഡ്മിഷൻ) റഗുലർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1595/2019)

2018 ഒക്‌ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു., ബി.ടി.ടി.എം., ബി.എഫ്.ടി. സി.ബി.സി.എസ്. (മോഡൽ 3) റഗുലർ (2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1596/2019)

2018 നവംബർ, 2019 ഏപ്രിൽ മാസങ്ങളിൽ ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസിൽ നടത്തിയ രണ്ടും മൂന്നും സെമസ്റ്റർ എം.എ. (ഗാന്ധിയൻ സ്റ്റഡീസ്, ഡവലപ്‌മെന്റ് സ്റ്റഡീസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1597/2019)

2019 മാർച്ചിൽ സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. (സൈക്കോളജി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1598/2019)

## എൻ.എസ്.എസ്. ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ്

## ഓഗസ്റ്റ് 30 മുതൽ മണർകാട് സെന്റ് മേരീസ് കോളേജിൽ

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്‌കീം വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ ഒന്ന് വരെ മണർകാട് സെന്റ് മേരീസ് കോളേജിൽ നടക്കും. ഓഗസ്റ്റ് 30ന് വൈകീട്ട് 4.30ന് സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സി. റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിക്കും.

സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, ഡോ. അജി സി. പണിക്കർ, കോളേജ് മാനേജർ ഫാ. കുര്യാക്കോസ് കാലായിൽ, പ്രിൻസിപ്പൽ ഡോ. പുന്നൻ കുര്യൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, പ്രോഗ്രാം ഓഫീസർ പ്രൊഫ. സി.ജി. മഞ്ജുഷ എന്നിവർ പങ്കെടുക്കും. ഡോ. കെ. സാബുക്കുട്ടൻ, ജി. ശ്രീകുമാർ, ഡോ. എം.സി. ദിലീപ്കുമാർ, ഡോ. എം.എസ്. സുനിൽ, ജി.പി. സജിത് ബാബു, ഡോ. സി. അനിത ശങ്കർ, പ്രൊഫ. ജോയി ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുക്കും. ഡോ. ടോംസ് എബ്രഹാം യോഗ ക്ലാസെടുക്കും. സെപ്റ്റംബർ ഒന്നിന് രാവിലെ 11ന് സമാപന സമ്മേളനവും ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും.

(പി.ആർ.ഒ./39/1599/2019)

## എം.ജി.യിൽ ആൻഡ്രൂ ബ്രിഗ്‌സിന്റെ പ്രഭാഷണം നാളെ (ഓഗസ്റ്റ് 29)

ഓക്‌സ്‌ഫോർഡ് സർവകലാശാലയിലെ അധ്യാപകനും നാനോ മെറ്റീരിയൽസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. ആൻഡ്രൂ ബ്രിഗ്‌സിന്റെ പ്രഭാഷണം നാളെ (ഓഗസ്റ്റ് 29) മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ സെമിനാർ ഹാളിൽ 'ക്വാണ്ടം ഡിവൈസുകളുടെ ട്യൂണിംഗിനും മെഷറിങ്ങിനുമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' എന്ന വിഷയത്തിലാണ്

പ്രഭാഷണം നടത്തുക. ഓക്സ്ഫോർഡ് സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മെറ്റീരിയൽസിലെ അധ്യാപകനായ ബ്രിഗ്സ് ക്വാണ്ടം ടെക്നോളജിയിൽ വിദഗ്ധനാണ്.

(പി.ആർ.ഒ./39/1600/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ